## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.743 — 04.03.2020 -ൽ മറുപടിയ്ക്ക്

## പ്രകൃതിദത്ത വനങ്ങളുടെ സംരക്ഷണവും പരിപാലനവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. കെ.യു. ജനീഷ് കുമാർ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. ആന്റണി ജോൺ : | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

(എ) പ്രകൃതിദത്ത വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(എ) പ്രകൃതിദത്ത വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) വേനൽക്കാലത്തുണ്ടാകുന്ന കാട്ടുതീയിൽ നിന്നും വനങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കാട്ടുതീ തടയുവാൻ നടപ്പിലാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി റെയിഞ്ച് തലത്തിൽ ആദ്യം ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നു. കാട്ടുതീ തടയുന്നതിനുള്ള മാർഗ്ഗങ്ങളും ആയതിന് ആവശ്യമായ ഫണ്ടിന്റെ വിവരങ്ങളും കാട്ടുതീ പ്രവണതയുള്ള പ്രദേശങ്ങളുടെ സ്കെച്ച് / വിവരങ്ങൾ Highly Fire Prone, Moderately Fire Prone & Low Fire Prone എന്ന് തിരിച്ച് റെയിഞ്ച് തലത്തിൽ തയ്യാറാക്കിയ ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഡിവിഷൻ തലത്തിൽ ക്രോഡീകരിച്ച് സർക്കിൾ തലത്തിൽ പരിശോധിച്ച് അംഗീകരിച്ച് നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. ഇത്തരത്തിൽ 5 ടെറിട്ടോറിയൽ സർക്കിളുകളിൽ നിന്നും 3 വൈൽഡ് ലൈഫ് സർക്കിളുകളിൽ നിന്നും ലഭ്യമാക്കുന്ന ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഏകീകരിച്ച് ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഡിവിഷൻ, റെയിഞ്ച് തലങ്ങളിൽ ഫയർ കൺട്രോൾ റൂമുകൾ എല്ലാ സർക്കിളുകളിലും കീഴിലും ആരംഭിച്ചിട്ടുണ്ട്. വനം വകുപ്പാസ്ഥാനത്തും ഫയർസെൽ പ്രവർത്തിച്ചു വരുന്നു. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (FSI) മുഖാന്തിരം ലഭിക്കുന്ന ഫയർ അലർട്ടുകൾ വനം വകുപ്പാസ്ഥാനത്തെ ഫയർസെല്ലിൽ നിന്നും യഥാസമയം ഡിവിഷൻ, സർക്കിൾ തല ഫയർ കൺട്രോൾ റൂമുകളിൽ നൽകുകയും തുടർ നടപടി സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

കാട്ടുതീ ഉണ്ടാകുന്നതിന് തീവ്രസാധ്യതയുള്ള മേഖലകളിൽ കുറഞ്ഞ തോതിൽ മുൻകൂർ കത്തിക്കൽ, നിയന്ത്രിത കത്തിക്കൽ, കൂടുതൽ ഫയർലൈനുകൾ സൃഷ്ടിക്കൽ, ഫയർ വാച്ചർമാരെ സുരക്ഷക്കായി നിയോഗിക്കൽ എന്നിവ ചെയ്തുവരുന്നു.

വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റി പോകുന്നത് തടയാനും ജലലഭ്യത ഉറപ്പാക്കാനും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുന്നു. പഴയ കുളങ്ങളും, ചെക്കുഡാമുകളും നവീകരിക്കുന്നു. മണ്ണ് സംരക്ഷിച്ച് ജലാംശം നിലനിർത്തുന്നതിന് ഗള്ളി പ്ലഗ്ഗിങ്ങുകൾ നടത്തുന്നു.

പൊതുജനങ്ങൾക്കും ജീവനക്കാർക്കും ബോധവൽക്കരണ ക്ലാസ്സുകളും റാലികളും സംസ്ഥാനമൊട്ടാകെ നടത്തിവരുന്നു. ദൃശ്യ - ശ്രവ്യ മാധ്യമങ്ങൾ, സാമൂഹ്യ മാധ്യമങ്ങൾ എന്നിവയിലൂടെ കാട്ടുതീക്കെതിരെ ബോധവൽക്കരണ സന്ദേശങ്ങൾ നൽകുന്നു.

ഫയർ പട്രോളിംഗ് ശക്തമാക്കി എല്ലാ ജീവനക്കാരും, വാച്ചർമാരും വനത്തിന്റെ എല്ലാ പ്രദേശങ്ങളിലും ഉണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായി ഇ.ഡി.സി. / വി.എസ്.എസ്. അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ലൈനുകൾ തെളിക്കുകയും ഗാങ്ങുകൾ രൂപീകരിച്ച് ആവശ്യാനുസരണം കാട്ടുതീ മേഖലകളിലേയ്ക്ക് നിയോഗിക്കുകയും ചെയ്തുവരുന്നു.

സാമൂഹ്യ വിരുദ്ധർ വനപ്രദേശത്ത് പ്രവേശിക്കുന്നത് തടയുന്നതിന് സ്റ്റാഫിന്റെ

| | | |
|---|---|---|
| | | പട്രോളിംഗ് ശക്തമാക്കുകയും താൽക്കാലിക വാച്ച് ടവർ ഉൾപ്പെടെ നിർമ്മിച്ച് നിരീക്ഷണം ശക്തമാക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | ഇതിന്റെ ഭാഗമായി കാട്ടുതീ നിയന്ത്രണ രേഖകൾ നിർമ്മിക്കുന്നതിനും മേൽനോട്ടത്തിനായി വാച്ചർമാരെ നിയോഗിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാട്ടുതീ നിയന്ത്രണരേഖകൾ ടെണ്ടർ സംവിധാനത്തിൽ വനം കരാറുകാർ മുഖേനയും, പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി വി.എസ്.എസ് / ഇ.ഡി.സി. അംഗങ്ങളുടെ പങ്കാളിത്തത്തോടും മേൽനോട്ടത്തിലും നടപ്പിലാക്കുകയും ഫയർ സീസണിൽ വകുപ്പിലെ വാച്ചർമാരെ കൂടാതെ ദിവസ വേതനാടിസ്ഥാനത്തിൽ ഫയർ വാച്ചർമാരെ നിയോഗിച്ചും വന നിരീക്ഷണം നടത്തി വരുന്നു. |
| (ഡി) | വിവിധ കാരണങ്ങളാൽ നശിച്ചുപോകുന്ന വനങ്ങൾക്ക് പകരം വനം വച്ചു പിടിപ്പിക്കുന്നതിന്റെ ഭാഗമായി എത്ര ഹെക്ടർ സ്ഥലത്ത് പുതിയ മരങ്ങൾ വച്ചു പിടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) ഏതെങ്കിലും കാരണത്താൽ വനം പൂർണ്ണമായി നശിച്ചുപോയതായി റിപ്പോർട്ടില്ല. എന്നാൽ 2009-10 മുതൽ അഡ്-ഹോക് ക്യാമ്പ റിലീസ് ചെയ്ത ക്യാമ്പ ഫണ്ട് ഉപയോഗിച്ച് 303.26 ഹെക്ടർ സ്ഥലത്ത് പരിഹാരവനവൽക്കരണം വഴി പുതിയ മരങ്ങൾ വച്ചുപിടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

Praveen

സെക്ഷൻ ഓഫീസർ

# അനുബന്ധം

വനസംരക്ഷണത്തിനും, വനപരിപാലനത്തിനുമായി വനാതിർത്തി സർവ്വേ, ജണ്ട നിർമ്മാണം, ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, റിസർവ്വല്ലാത്ത വനഭൂമികളും അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂമികളും റിസർവ്വ് വനമായി പ്രഖ്യാപിക്കൽ, പുതുതായുള്ള കൈയ്യേറ്റം ഉടൻ ഒഴിപ്പിക്കൽ, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ / സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ് തുടങ്ങിയ നടപടികൾ നടപ്പിലാക്കി വരുന്നു.

കൂടാതെ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ധനസഹായം ഉപയോഗിച്ച് പങ്കാളിത്ത വനപരിപാലനത്തിൻ കീഴിൽ ജനപങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. ഇങ്ങനെ നാഷണൽ അഫോറസ്റ്റേഷൻ & ഇക്കോ ഡവലപ്പ്മെന്റ് ബോർഡ്, നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ്, നാഷണൽ ബാംബൂ മിഷൻ, സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ് തുടങ്ങിയ ഏജൻസികളുടെ ധനസഹായത്തോടെയുള്ള വിവിധ വനപരിപാലന പരിപാടികൾ പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വനസംരക്ഷണ സമിതികൾ / ഇക്കോ ഡവലപ്പ്മെൻറ് കമ്മിറ്റികൾ എന്നിവ വഴി കേരളത്തിൽ നടപ്പാക്കി വരുന്നുണ്ട്. വനാശ്രിത സമൂഹങ്ങളെ ഉൾപ്പെടുത്തി ടെറിട്ടോറിയൽ വനം ഡിവിഷനുകളിൽ വനസംരക്ഷണ സമിതികളും, വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയുൾപ്പെടുന്ന സംരക്ഷിത മേഖലകളിൽ ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തൊട്ടാകെ 400 വനസംരക്ഷണ സമിതികളും 190 ഇക്കോ ഡെവലപ്പ്മെന്റ് കമ്മറ്റികളും പ്രവർത്തിക്കുന്നുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ച് ഇക്കോ ഡവലപ്പ്മെന്റ് & ട്രൈബൽ വെൽഫയർ വിഭാഗം വഴി നടപ്പാക്കുന്ന വനവൽക്കരണ പ്രവർത്തനങ്ങളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളിലും, കുറ്റകൃത്യങ്ങൾ തടയുന്ന പ്രവർത്തനങ്ങളിലും വനസംരക്ഷണ സമിതി / ഇ.ഡി.സി. കളുടെ സജീവ പങ്കാളിത്തം ഉണ്ടാകുന്നുണ്ട്. കൂടാതെ വനത്തിനുള്ളിലെ വിധ്വംസക പ്രവർത്തനങ്ങൾ തടയുന്നതിനും വനത്തിനുള്ളിൽ നടക്കുന്ന നിയമവിരുദ്ധ നടപടികൾ നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെയും ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ വനം, പോലീസ്, റവന്യൂ , ട്രൈബൽ ഡെവലപ്പ്മെന്റ് എന്നീ വകുപ്പുകളും, വനസംരക്ഷണ സമിതികളും, പരിസ്ഥിതി സംരക്ഷണ സമിതികളും, സർക്കാരിതര സംഘടനകളും ഉൾപ്പെടുന്ന വനമേഖല ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ 21..06..2012-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 69/12/വനം നമ്പർ ഉത്തരവ് പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുവഴി വനസംരക്ഷണവും ടി പ്രവർത്തനങ്ങളിൽ ജനങ്ങളുടെ സഹകരണവും ഉറപ്പാക്കുവാൻ സാധിക്കുന്നു.

പ്രകൃതിദത്ത വനങ്ങളുടെ സംരക്ഷണത്തിനും, പരിപാലനത്തിനുമായി ഈ സർക്കാർ പ്രധാനമായും താഴെ വിവരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. വനം കയ്യേറ്റങ്ങൾ തടയുന്നതിനായി വനാതിർത്തി സർവ്വേയും ജണ്ട നിർമ്മാണവും നടത്തുക.

ഈ സർക്കാർ അധികാരത്തിൽ വന്ന 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാനായി. 2016-17 ൽ 12,500 ജണ്ടകളും (ഉദ്ദേശം 550 കി.മീ വനാതിർത്തി), 2017-18 ൽ 14,416 ജണ്ടകളും (ഉദ്ദേശം 700 കി.മീ വനാതിർത്തി), 2018 -19 സാമ്പത്തിക വർഷത്തിൽ ഉദ്ദേശം 700 കിലോമീറ്റർ നീളത്തിലുള്ള വനാതിർത്തികളിൽ 14,618

സ്ഥിരം ജണ്ടകളും നിർമ്മിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഉദ്ദേശം 600 കി.മീ. വനാതിർത്തിയിൽ 13,000 സ്ഥിരം ജണ്ടകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കി വരുന്നു.

2. പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ / പുറമ്പോക്കുകൾ തുടങ്ങിയ സ്ഥലങ്ങളും, റിസർവ്വ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികളും റിസർവ്വ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ.

3. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ

ഡെറാഡൂണിലെ ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യയുടെ സാങ്കേതിക റിമോട്ട് സെൻസിങ്ങ് വിദ്യയുടെ സഹായത്തോടെ കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ ഊർജ്ജിതമായി നടപ്പിലാക്കൽ.

4. പുതുതായി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ.

2018-19 സാമ്പത്തിക വർഷത്തിൽ പുതുതായി 10 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

5. ബീറ്റ് ഫോറസ്റ്റ് ഓഫീസർ / സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ്.

2015-16 വർഷം മുതൽ നാളിതുവരെ 30 പേരടങ്ങുന്ന 8 ബാച്ചുകളിലായി 240 പേർക്ക് സർവ്വേ ട്രെയിനിംഗ് പരിശീലനം നൽകിയിട്ടുണ്ട്.

6. വനം വകുപ്പുമായി ബന്ധപ്പെട്ട പുരാതന രേഖകൾ സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റിക്കാർഡ് റൂം കോഴിക്കോട് മാത്തോട്ടം ഫോറസ്റ്റ് കോംപ്ലക്സിൽ സ്ഥാപിച്ചിട്ടുണ്ട്. 2018 സെപ്റ്റംബർ മുതൽ ടി റിക്കാർഡ് റൂമിന്റെ പ്രവർത്തനം നടന്നു വരുന്നുണ്ട്.

7. വനത്തിനുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് വന വിഭവങ്ങളുടെയും, വന്യ ജീവികളുടെയും സംരക്ഷണം.

8. ആധുനിക സാങ്കേതിക വിദ്യകളുടെ സഹായവും വനസംരക്ഷണത്തിനായി ഉപയോഗിക്കുന്നുണ്ട്. കേന്ദ്രീകൃത കാൾ സെന്റർ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. ജി.പി.എസ് ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കി വരുന്നു. ജി.ഐ.എസ് -ന്റെ സഹായത്തോടെ M-STrIPES (Monitoring System for Tigers – Intensive Protection and Ecological Status)) എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചുള്ള പട്രോളിംഗ് പ്രവർത്തനങ്ങൾ 2019 ജനുവരി മുതൽ പെരിയാർ ടൈഗർ റിസർവ്വിൽ നടപ്പാക്കി വരുന്നു.

Praveen

സെക്ഷൻ ഓഫീസർ